## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2155. 07.12.2015 ൽ മറുപടിയ്ക്ക്.**

**<u>കെ.എസ്.ആർ.ടി.സി യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര</u>**

| ചോദ്യം<br>ശ്രീ.കെ.ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ്<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രക്ക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ; | (ബി) & (സി) | പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് യാത്രച്ചെലവ് അവരുടെ വിദ്യാഭ്യാസത്തിന് ഒരു പരിധിവരെയെങ്കിലും തടസ്സമാവരു-തെന്നും ഡീസൽ വില കുറഞ്ഞ് ലിറ്ററിന് ഏതാണ്ട് 52 രൂപയിൽ എത്തിയപ്പോൾ അതിന്റെ ആനുകൂല്യം വിദ്യാർത്ഥികൾക്കും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കും ലഭ്യമാക്കുക എന്നുമുള്ള ഉദ്ദേശ്യത്തോ-ടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>കെ.എസ്.ആർ. ടി.സി.-യുടെ ടൗൺ ടു ടൗൺ ഓർഡിനറി ഒഴികെയുള്ള |
| (സി) | പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | എല്ലാത്തരം ഓർഡിനറി സർവീസുകളിലും 01.02.2015 മുതൽ പ്ലസ് ടു തലംവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചുവരികയാണ്.<br>10 രൂപയുടെ ഒരു സൗജന്യ യാത്രാ കാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്. സൗജന്യ യാത്രാ കാർഡിൽ യാത്ര ചെയ്യേണ്ട റൂട്ടും കാലാവധിയും രേഖപ്പെടുത്തിയിട്ടുണ്ട്. 3 മാസം കൂടുമ്പോൾ ഈ കാർഡ് പുതുക്കി വാങ്ങേണ്ടതാണ്. ഞായറാഴ്ചയും മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യ യാത്രാ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.<br>ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ മുഖ്യ കാര്യാലയത്തിൽ നിന്നും എല്ലാ ഡിപ്പോകൾക്കും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.